**മൃഗസംരക്ഷണ വകുപ്പിലെ ഐസിഡിപി സബ് സെൻറർ, മൃഗാസ്പത്രികൾ, താലൂക്ക് തല മൃഗസംരക്ഷണ കേന്ദ്രങ്ങൾ എന്നിവയുടെ പുനഃക്രമീകരിച്ച ചുമതലകളെ സംബന്ധിച്ച് പുതിയ മാർഗ്ഗ രേഖ**

**സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (ആർ.ടി)415/13 തീയ്യതി 13.3.2013ന് അനുബന്ധമായി തയ്യാറാക്കിയത്**

## 1) വെറ്ററിനറി സബ് സെൻറർ

1) ഐസിഡിപി 'ഉപകേന്ദ്രങ്ങൾ' എന്നത് വെറ്ററിനറി സബ് സെൻറർ എന്ന് പുനർനാമകരണം ചെയ്യുന്നതാണ്.

2) വെറ്ററിനറി സബ് സെൻററിൻറെ ഭരണപരമായും സാങ്കേതികവുമായ പൂർണ്ണ മേൽനോട്ട ചുമതല അതാത് തദ്ദേശ ഭരണ പ്രദേശത്തെ മൃഗാശുപത്രികൾക്കായിരിക്കും

3) നാളിതുവരെ ഐസിഡിപി ഉപകേന്ദ്രം വഴി നടത്തിവരുന്ന പ്രജനന പ്രവർത്തനങ്ങൾ (ഫീൽഡ് സന്ദർശനം, മിൽക്ക് റിക്കോർഡിംഗ്, കന്നുകുട്ടികളുടെ ജനനം രേഖപ്പെടുത്തൽ) തുടർന്നും നടത്തുന്നതും നിലവിലുള്ള ആനുകൂല്യങ്ങൾ അതേ രീതിയിൽ തന്നെ തുടരുന്നതുമാണ്.

4) പ്രതിരോധ കുത്തിവെപ്പ്, പ്രഥമ ശുശ്രൂഷ പ്രർത്തനങ്ങൾ തുടങ്ങിയവ തുടർന്നും ചെയ്യേണ്ടതാണ്. ഇവയ്ക്ക് ആവശ്യമായ മരുന്ന്, വാക്സിനുകൾ തുടങ്ങിയവ വെറ്ററിനറി സെബ് സെൻററുകളിൽ ലഭ്യമാക്കുന്നതും അത് സൂക്ഷിക്കുന്നതിനാവശ്യമായ സംഭരണ ഉപകരണങ്ങൾ സ്ഥാപിക്കുന്നതുമാണ്.

5) പഞ്ചായത്ത് തല ജനകീയാസൂത്രണ പദ്ധതി, സംസ്ഥാനാവിഷ്ക്ക്യത പദ്ധതികൾ, കേന്ദ്രാവിഷ്ക്ക്യത പദ്ധതികൾ, കന്നുകുട്ടി പരിപാലന പദ്ധികൾ, എന്നിവ മൃഗാശുപത്രികളുലൂടെ നടപ്പിലാക്കുന്നതാണ്. ഇവ നടപ്പിലാക്കുന്നതിൽ വെറ്ററിനറി സബ് സെൻററിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ഉത്തരവാദിത്തമുണ്ടാകുന്നതാണ്.

6) എൻ. എ. ഡി. ആർ. എസ് (ദേശീയ കാലി രോഗ വിവര ശേഖരണം) കർഷകരുടെ രജിസ്ട്രേഷൻ തുടങ്ങിയവ വെറ്ററിനറി സബ് സെൻറർ മുഖേന നടത്തുന്നതാണ്.

## 2) മൃഗാശുപത്രികൾ

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന മൃഗസംരക്ഷണ പ്രവർത്തനങ്ങളും പദ്ധതിയും പദ്ധതി ഇതരവുമായ നടത്തിപ്പുചുമതല പഞ്ചായത്ത് തല മൃഗാശുപത്രികൾക്കായിരിക്കും. ഇത് സംബന്ധിച്ച് മാസാന്ത്യ റിപ്പോർട്ട്, താലൂക്ക് തല ആർ. എ എച്ച് സികളിൽ സമർപ്പിക്കേണ്ടതാണ്.

2)വെറ്ററിനറി സബ് സെൻററുകൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ, സ്റ്റേഷനറി തുടങ്ങിയവ ആവശ്യനുസരണം നൽകുന്നതാണ്.

3) ജനകീയസൂത്രണ പദ്ധതികൾ, കേന്ദ്ര സംസ്ഥാനാവിഷ്ക്ക്യത പദ്ധതികൾ എന്നിവയ്ക്കാവശ്യമായ ഗുണഭോക്തൃ പട്ടിക പഞ്ചായത്തുമായി സഹകരിച്ച് തയ്യാറാക്കി ജില്ലാ ഓഫീസർക്കും/താലൂക്ക് ആർ. എ എച്ച് സികൾക്കും നൽകേണ്ടതാണ്.

4) മൃഗസംരക്ഷണ വികസന സമിതികൾ രൂപീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനായി വെററിനറി സബ് സെൻററുകളുടെ സേവനം കൂടി ഉപയോഗപ്പെടുത്തേണ്ടതാണ്.

5) വിവിധ പദ്ധതികളുടെ നടത്തിപ്പിന് വെറ്ററിനറി സബ് സെൻററിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ സേവനം ഉറപ്പുവരുത്തുന്നതാണ്.

6) പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പദ്ധതികൾ രൂപീകരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെ സഹകരണത്തോടുകൂടി നടപ്പാക്കേണ്ടതാണ്.

7) തീറ്റപുൽ കൃഷി, ഫീൽഡ് തലത്തിൽ കർഷകരുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

8) **NADRS, AHEAD** കർഷക രജിസ്ട്രേഷൻ തുടങ്ങിയ പദ്ധതികൾ എല്ലാ ജീവനക്കാരുടേയും സേവനം ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കേണ്ടതാണ്.

9) വെറ്ററിനറി സബ് സെൻററിൻറെ ഭരണപരമായും സാങ്കേതികവുമായ പൂർണ്ണ ചുമതല അതായത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ എന്നിവരിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ, ടി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളവും അലവൻസും നിലവിലുള്ള അക്കൌണ്ട് ശീർഷകമായ 2403-00-002-96-102-99ൽ നിന്നും അതായത് സെൻററിലെ വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ മാറി നൽകുന്നതാണ്.

10) കന്നുകുട്ടി പരിപാലന പരിപാടികൾ ത്രിതല പഞ്ചായത്തിലെ മൃഗാശുപത്രകൾ നടപ്പിലാക്കുന്നതാണ്. ഇതിന് വെറ്ററിനറി സബ് സെൻററിൻറെ സേവനം പൂർണ്ണമായി ഉപയോഗിക്കുന്നതാണ്.

## 3) പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം (ആർ. എ. എച്ച്. സി)

1) പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ താലൂക്ക് തല സ്ഥാപനങ്ങളായിരിക്കും. 63 താലൂക്കുകളിലും ഈ സംവിധാനം നിലവിൽ വരുന്നതാണ്.

2)എല്ലാ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങളിലും ഏകീകൃത സ്റ്റാഫ് പാറ്റേൺ ആയിരിക്കും.

3) പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ ജില്ലാ മൃഗസംരക്ഷണ ആപ്പീസറുടെ നിയന്ത്രണത്തിലായിരിക്കും.

4) കേന്ദ്ര സംസ്ഥാന ആവിഷ്ക്കൃത പദ്ധതികൾ, ആർ. കെ. വി. വൈ, കന്നുകുട്ടി പരിപാലന പദ്ധതി, പ്രത്യേക പാക്കേജുകൾ എന്നിവയുടെ നടത്തിപ്പിൻറെ മേൽ നോട്ടവും റിപ്പോർട്ട് സമാഹരണവും, വിലയിരുത്തൽ തുടങ്ങിയ ചുമതലകൾ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ നിക്ഷിപ്തമായിരിക്കും.

5) താലൂക്ക് പദ്ധതികളിൽ വരുന്ന മൃഗാശുപത്രികൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടേയും സേവനങ്ങളുടേയും നടത്തിപ്പ്, വെറ്ററിനറി സബ് സെൻററുകളുടെ പ്രവർത്തനം, മൃഗാശുപത്രകളുടെ പ്രവർത്തന എന്നിവവിശദ പരിശോധന നടത്തുന്നതും റിപ്പോർട്ട് ജില്ല മൃഗസംരക്ഷണ ആഫീസർക്ക് നൽകേണ്ടതുമാണ്.

6) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവ പഞ്ചായത്തുതല മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതാണ്.

7) കർഷകർക്ക് പുതിയ പദ്ധതികൾ പരിചയപ്പെടുത്തുക, അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുക, പുതിയ പുതിയ സംരഭകരെ കണ്ടെത്തുക, അവർക്ക് വേണ്ട പദ്ധതികൾ തയ്യാറാക്കി നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങളുടെ ചുമതലയിലായിരിക്കും

താലൂക്കുതല സംവിധാനത്തിൻറെ ഘടന താഴെ പറയുന്ന വിധത്തിലായിരിക്കും. നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ചും ഓഫീസുകൾ മാറ്റി സ്ഥാപിച്ചും സംവിധാനം ഒരുക്കുന്നതായിരിക്കും.

| | | |
|---|---|---|
| ഡെപ്യൂട്ടി ഡയരക്ടർ | - | 1 (ആഫീസ് തലവൻ) |
| വെറ്ററിനറി സർജൻ | - | 2 |
| ഫീൽഡ് ആഫീസർ | - | 1 |
| ജൂനിയർ സൂപ്രണ്ട/ഹെഡ് ക്ലാർക്ക് | | 1 |
| എൽ. ഡി/യു. ഡി ക്ലാർക്ക് | | 4 |
| ടൈപിസ്റ്റ് | - | 1 |
| ഡ്രൈവർ | - | 1 |
| അറ്റൻറർ/ഓഫീസ് അറ്റൻറൻറ് | | 1 |
| നൈറ്റ് വാച്ച്മാൻ | | 1 |
| പി. ടി. എസ് | | 1 |